# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *347 — 11.05.2017 ൽ മറുപടിക്ക്

### വ്യവസായ വികസനം സംബന്ധിച്ച കെ.എസ്.ഐ.ഡി.സി. റിപ്പോർട്ട്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. ആർ. രാമചന്ദ്രൻ | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിനുള്ള പ്രധാന തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | വർദ്ധിച്ച ജനസാന്ദ്രത, സ്ഥലത്തിന്റെ ലഭ്യതകുറവ് , മലിനീകരണം സംബന്ധിച്ചുള്ള പരിസരവാസികളുടെ ആശങ്ക തുടങ്ങിയവ പ്രധാന തടസ്സങ്ങൾ ആണ്. അതിനാൽ പരിസ്ഥിതി സൗഹൃദപരമായ വ്യവസായങ്ങൾക്ക് പ്രാമുഖ്യം നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| (ബി) | വൻകിട വ്യവസായങ്ങളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നത് സംബന്ധിച്ച് കെ.എസ്.ഐ.ഡി.സി. സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | (ബി) (സി) & (ഡി) | കൂടുതൽ വ്യവസായ നിക്ഷേപം കേരളത്തിലേക്ക് ആകർഷിക്കുന്നതിനും അതുവഴി കൂടുതൽ തൊഴിൽ സാധ്യതയും നികുതിയിനത്തിലുള്ള വരുമാനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശം അനുസരിച്ച് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് സംവിധാനം നടപ്പിലാക്കുന്നതിനായി സർക്കാർ കെ എസ് ഐ ഡി സി യെ നിയോഗിച്ചിരുന്നു. ആയതിലേക്കായി കെ എസ് ഐ ഡി സി സമർപ്പിച്ച പഠനറിപ്പോർട്ട് സർക്കാർ അംഗീകരിച്ചു . പ്രസ്തുത റിപ്പോർട്ട് സർക്കാരിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളുടെ ചട്ടങ്ങളും നിയമങ്ങളും ലഘൂകരിക്കുന്നതിന് |
| (സി) | പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | | |
| (ഡി) | വിവിധ വകുപ്പുകളിൽ നിന്നുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റുകളുടെ കാലാവധി ചുരുക്കണമെന്ന് ശിപാർശയുണ്ടോ ; | | |

| | | | |
|---|---|---|---|
| | | | വേണ്ടിയും വിവിധ ക്ലിയറൻസിനുള്ള കാലതാമസം ഒഴിവാക്കി സംസ്ഥാനത്ത് വ്യവസായ നിക്ഷേപം പ്രോൽസാഹിപ്പിക്കുകയും ആയതിലൂടെ വാണിജ്യ വ്യവസായങ്ങൾ സുഗമമായും വേഗത്തിലും നടത്തുവാൻ ആവശ്യമായ പാരിസ്ഥിതിക അന്തരീക്ഷം സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് 'കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട്' എന്ന പേരിൽ നിയമ നിർമ്മാണം നടത്താൻ സർക്കാർ ആലോചിക്കുന്നത്.<br>1999 ലെ ഏകജാലക ക്ലിയറൻസ് സംവിധാനത്തിൽ കാലോചിതമായ മാറ്റം വരുത്താനും കൂടുതൽ ഫലപ്രദമാക്കാനും വേണ്ടിയുള്ള നിർദ്ദേശങ്ങൾ ഇതുസംബന്ധിച്ചുള്ള പഠനറിപ്പോർട്ടിൽ പറഞ്ഞപ്രകാരം വിവിധ വകുപ്പുകളുടെ ചട്ടങ്ങളും നിയമങ്ങളും ലഘൂകരിക്കാനും അവയുടെ നവീകരണം സംബന്ധിച്ചും സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. വിവിധ വകുപ്പുകളുടെ അപേക്ഷാ ഫോറങ്ങൾ ഏകീകരിച്ച് ഒരു പൊതു അപേക്ഷാഫോറവും ഓൺലൈൻ സംവിധാനവും നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഏക ജാലക ക്ലിയറൻസ് സംവിധാനത്തിന്റെ മികച്ച പ്രവർത്തനത്തിന് 'ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ' (ഐ പി എഫ് സി) വഴി ശക്തിപ്പെടുത്തേണ്ടതുണ്ട്. അതിന് ബന്ധപ്പെട്ട വകുപ്പുകളുടെ പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു സ്ഥിരം സെൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ (കെ എസ് ഐ ഡി സി) പ്രവർത്തിക്കുന്നതാണ്. ഈ സംവിധാനം ജില്ലാതലത്തിൽ പ്രായോഗികമാക്കുന്നതിനായി ജില്ലാ കളക്ടർ തലവനായി ബന്ധപ്പെട്ട വകുപ്പുകളിലെ പ്രതിനിധി ഉദ്യോഗസ്ഥൻമാർ ഉൾപ്പെടുന്ന ഒരു ജില്ലാതല സമിതി രൂപീകരിക്കും. |

| | | | |
|---|---|---|---|
| (ഇ) | നിയമം ദുരുപയോഗം ചെയ്ത് വ്യവസായ സംരംഭങ്ങളെ തകർക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് റിപ്പോർട്ടിൽ ശിപാർശയുണ്ടോ; ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ ? | (ഇ) | അപ്രകാരം ഒരു ശുപാർശ ഇല്ല. എന്നാൽ വ്യവസായ നടത്തിപ്പിനെ കുറിച്ച് ലഭിക്കുന്ന പരാതികൾ പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**